## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2600** **06.02.2018-ൽ മറുപടിയ്ക്ക്**

### ആദിവാസി വിഭാഗങ്ങൾക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം

**ചോദ്യം**
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.അനിൽ അക്കര

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്
മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവിഷ്കരിച്ച സമഗ്ര പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്ന് മോചിതരാകുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും, ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി തൊഴിൽ യൂണിറ്റുകൾ രൂപീകരിച്ച് മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കാൻ പ്രാപ്തരാക്കുന്നതിനുമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ സമഗ്ര-ആദിവാസി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 100 കോളനികളിലാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്ന് മോചിപ്പിക്കുക. |

| | | | | |
|---|---|---|---|---|
| | | | | • നാലാംതരം, ഏഴാംതരം തുല്യതാ കോഴ്സുകളിലൂടെ ആദിവാസികളെ തുടർ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുക.<br>• ആദിവാസി വിഭാഗങ്ങളിൽ വായനാ ശീലം പ്രോത്സാഹിപ്പിച്ച് അറിവ് വർദ്ധിപ്പിക്കുക.<br>• തുടർ വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുക വഴി ആദിവാസി വിഭാഗത്തിലെ വിദ്യാസമ്പന്നർക്ക് പ്രേരക്, ഇൻസ്ട്രക്ടർ തുടങ്ങിയ സേവന മേഖലയിൽ പ്രവേശിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.<br>• സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചുള്ള അവബോധം ആദിവാസി വിഭാഗങ്ങളിൽ ഉണ്ടാക്കുക.<br>• സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിലൂടെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക.<br>• ആദിവാസി മേഖലകളിൽ അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ പ്രാദേശിക വികസനം സാധ്യമാക്കുക.<br>• ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി തൊഴിൽ യൂണിറ്റുകൾ രൂപീകരിച്ച് മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കാൻ പ്രാപ്തരാക്കുക. |

| | | | |
|---|---|---|---|
| | | | ടി പദ്ധതിയുടെ സാമ്പത്തിക ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഓണറേറിയം, പ്രേരക്മാർ, ഇൻസ്ട്രക്ടർമാർ - 2,10,00,000/-<br>2. പഠിതാക്കൾക്കുള്ള ലഘുഭക്ഷണം - 1,00,00,000/-<br>3. ആദിവാസി ജന ബോധവത്കരണ ക്ലാസ് - 24,00,000/-<br>4. പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ - 10,00,000/-<br>5. തുടർ വിദ്യാകേന്ദ്രം ഓഫീസ് ചെലവുകൾ - 16,00,000/-<br>6. പ്രേരക്മാർക്കും ഇൻസ്ട്രക്ടർമാർക്കും പരിശീലനം - 3,60,000/-<br>7. സംസ്ഥാനതല സംഘാടനം - 3,50,000/-<br>8. അപ്രതീക്ഷിത ചെലവുകൾ - 2,90,000/-<br>ആകെ - 3,70,00,000/- |
| ബി) | എത്ര ഊരുകളിലാണ് ഈ പദ്ധതി ആരംഭിക്കുന്നത്; | ബി) | പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 2017-18 സാമ്പത്തിക വർഷത്തിൽ 100 ഊരുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| സി) | പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രേരക്മാരെ തെരഞ്ഞെടുത്തിട്ടുണ്ടോ; ആദിവാസി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ഇക്കാര്യത്തിൽ | സി) | പദ്ധതി നടപ്പിലാക്കുന്നതിന്റ ഭാഗമായി പ്രേരക്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന ടി പദ്ധതി തുടർ |

| | | | |
|---|---|---|---|
| | മുൻഗണന നൽകുമോ; | | വിദ്യാകേന്ദ്രങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ളവരെ പ്രേരക്മാരായി നിയമിക്കുകയും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ ഇല്ലാതെ വന്നാൽ മാത്രമാണ് സാക്ഷരതാ മിഷൻ പ്രേരക്മാരെ പുനർവിന്യാസം നടത്തിയോ / അതാത് വാർഡിലുള്ളവരെയോ പ്രസ്തുത കേന്ദ്രങ്ങളിൽ നിയമിക്കുന്നത്. |
| ഡി) | സാക്ഷരതാ പരീക്ഷയിൽ വിജയിക്കുന്നവർക്ക് സാക്ഷരതാ മിഷന്റെ തുല്യതാ കോഴ്സുകളിൽ ഉപരിപഠനത്തിന് അവസരം നൽകുമോ;വ്യക്തമാക്കാമോ ? | ഡി) | സാക്ഷരതാ പരീക്ഷയിൽ വിജയിക്കുന്നവർക്ക് നാലാംതരം തുല്യതാ വിദ്യാഭ്യാസത്തിനും അതിൽ വിജയിക്കുന്നവർക്ക് ഏഴാംതരം തുല്യതാ വിദ്യാഭ്യാസത്തിനും അതിനുശേഷം അർഹരായവർക്ക് പത്താംതരം തുല്യതാപരീക്ഷയിലും പിന്നീട് ഹയർസെക്കന്ററി വിദ്യാഭ്യാസത്തിനും സാക്ഷരതാ മിഷൻ അർഹത നേടിക്കൊടുക്കുന്നു. |

സെക്ഷൻ ഓഫീസർ